GOVT. L.P.S. KIDARAKUZHI

# ACADEMIC MASTER PLAN

2025 - 2026

# ഉള്ളടക്കം


- ആമുഖം
- സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന - പ്രതിബന്ധങ്ങളും പരിമിതികളും
- കാഴ്ചപ്പാട്
- പൊതു ലക്ഷ്യങ്ങൾ

അക്കാദമിക പ്രവർത്തനങ്ങൾ

മലയാളം
- ആമുഖം
- ലക്ഷ്യങ്ങൾ
- പ്രോജക്ട്
- പ്രവർത്തന വിശദാംശം

ഇംഗ്ലീഷ്
- ആമുഖം
- ലക്ഷ്യങ്ങൾ
- പ്രോജക്ട്
- പ്രവർത്തന വിശദാംശം

ശാസ്ത്രം
- ആമുഖം
- ലക്ഷ്യങ്ങൾ
- പ്രോജക്ട്
- പ്രവർത്തന വിശദാംശം

സാമൂഹ്യശാസ്ത്രം
- ആമുഖം
- ലക്ഷ്യങ്ങൾ
- പ്രോജക്ട്
- പ്രവർത്തന വിശദാംശം

ഗണിതം
- ആമുഖം
- ലക്ഷ്യങ്ങൾ
- പ്രോജക്ട്
- പ്രവർത്തന വിശദാംശം

- പ്രവൃത്തിപഠനം
- ആരോഗ്യ കായിക വിദ്യാഭ്യാസം
- ഉപസംഹാരം

# ആമുഖം

1907 ൽ പെൺപള്ളിക്കൂടം എന്ന പേരിൽ ആരംഭിച്ച ഈ വിദ്യാലയം 1915 ൽ കേരളിയ-നാടാർ സമാജം ഏറ്റെടുത്തു. തുടർന്ന് എല്ലാ കുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള അവസരം നൽകുന്ന ഇടമായി മാറി. 1936ൽ ഗവ. എൽ. പി. സ്കൂളായി. 2002ൽ PTA യുടെ നേതൃത്വത്തിൽ പ്രീ-പ്രൈമറി ക്ലാസ്സുകൾ ആരംഭിച്ചു.

പ്രീ പ്രൈമറി മുതൽ അഞ്ചാം ക്ലാസ്സ് വരെയുള്ള നമ്മുടെ സ്കൂളിൽ ഹെഡ്മിസ്ട്രസ് ഉൾപ്പെടെ 7 അധ്യാപകരും ഒരു PTCM ഉം ഒരു ആയയും ഒരു noon feeding assistant ഉം ജോലി നോക്കുന്നു. പ്രീ-പ്രൈമറി മുതൽ അഞ്ചുവരെ ക്ലാസ്സുകളിലായി നൂറ്റി അൻപതോളം കുട്ടികൾ ഇവിടെ പഠിക്കുന്നു.

പാഠ്യ പാഠ്യേതര വിഷയങ്ങളിൽ ഇവിടത്തെ കുട്ടികൾ മികച്ച നിലവാരം പുലർത്തുന്നു. LSS പരീക്ഷയിലും, ഉപജില്ല കലോത്സവത്തിലും മേളയിലും നമ്മുടെ ചുണക്കുട്ടികൾക്ക് നല്ല വിജയം കരസ്ഥമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

സ്റ്റാർസ് പദ്ധതിയുടെ ഭാഗമായ വർണ്ണക്കൂടാരം ഈ സ്കൂളിലെ പ്രീ പ്രൈമറി കൂട്ടുകാരുടെ സർവതോന്മുഖമായ വികാസത്തിന് ഏറെ സഹായകരമാകും.

ഈ അക്കാദമിക വർഷം കൂടുതൽ മാറ്റങ്ങളോടെ പഠിതാവിന്റെ സമഗ്ര വളർച്ച ലക്ഷ്യം വച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

# സ്കൂൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധികളും പരിമിതികളും

- കായിക പരിശീലനത്തിനും കളികൾക്കും ആവശ്യമായ കളിസ്ഥലത്തിന്റെ ലഭ്യതക്കുറവ്
- കായിക പരിശീലനം, Work Experience എന്നിവയ്ക്ക് പരിചയസമ്പന്നരായ അധ്യാപകർ ഇല്ലാത്ത അവസ്ഥ
- ജല ലഭ്യതക്കുറവ്
- 

## കാഴ്ചപ്പാട്:-

★ എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതു വഴി ഈ സ്കൂളിനെ മികച്ച നിലവാരത്തിലേക്ക് എത്തിക്കുക.

★ കാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപാടിൽ നമ്മുടെ കാമ്പസും ജൈവവൈവിധ്യ ഉദ്യാനമാക്കിമാറ്റും. ഇപ്രകാരം പഠനത്തെ പരിസരബന്ധിതമായും ജീവിതഗന്ധിയുമാക്കി കുട്ടികളിലെത്തിക്കും.

★ സ്കൂൾ ഗ്രന്ഥശാലയവും ക്ലാസ് ലൈബ്രറികളും പരമാവധി പ്രയോജനപ്പെടുത്തി ഒന്നാം ക്ലാസ് മുതലുള്ള കുട്ടികളിൽ മികച്ച വായനസംസ്കാരം വളർത്തിയെടുക്കും.

★ എല്ലാ വിദ്യാർത്ഥികൾക്കും പരീക്ഷണങ്ങളിൽ ഏർപ്പെടാൻ സാധിക്കും വിധം സ്കൂൾ ലബോറട്ടറി സജ്ജീകരിക്കും.

★ സാമൂഹിക പ്രശ്നങ്ങളും വൈകാരിക പ്രശ്നങ്ങളും ആത്മവിശ്വാസത്തോടെ അഭിമുഖീകരിച്ച് മറികടക്കാനാകും വിധം കുട്ടികൾക്ക് കൗൺസലേഴ്സിന്റെ സേവനം ആവശ്യാനുസരണം ഉറപ്പാക്കും.

★ കുട്ടികളുടെ സർഗശേഷി വികസനത്തിനാവശ്യമായ അവസരങ്ങൾ പഠന പ്രവർത്തനങ്ങളുടെ ഭാഗമായും സവിശേഷ സന്ദർഭങ്ങളൊരുക്കിയും വികസിപ്പിക്കും.

★ പ്രത്യേക പരിഗണന അർഹിക്കുന്ന എല്ലാ കുട്ടികൾക്കും പിന്തുണയും പ്രോത്സാഹനവും നൽകി പഠനനിലവാരം ഉയർത്തും.

* സ്കൂൾ തലത്തിൽ കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കും.

* കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ ജൈവകൃഷി പരിപോഷിപ്പിക്കും

* പഠനമികവിനായി ഭൗതികസൗകര്യങ്ങളുടെ മികവ് ഉറപ്പാക്കും.

* മുകളിൽ പ്രസ്താവിച്ചവയെല്ലാം കാര്യക്ഷമമായി പ്രവർത്തിപ്പിച്ച് കൊണ്ട് ഈ സ്കൂളിലെത്തുന്ന കുരുന്ന് പ്രതിഭകളെ സാമൂഹിക പ്രതിബദ്ധതയുള്ള പൗരന്മാരാക്കി വാർത്തെടുക്കാൻ പരമാവധി ശ്രമിക്കുന്നതാണ്.

# അക്കാദമിക പ്രവർത്തനങ്ങൾ

## മേഖല : മലയാളം

ആമുഖം

പൊതു വിദ്യാഭ്യാസത്തെ മുഖ്യധാരയിൽ എത്തിക്കാൻ കുട്ടികളിൽ ഭാഷാവികാസം, വൈജ്ഞാനികം, സർഗാത്മകം, വൈകാരികം എന്നീ മേഖലകൾക്ക് പ്രാധാന്യം നൽകുന്നു. ഒരു ആശയവിനിമയ ഉപാധി എന്നതിനപ്പുറം ഭാഷ ഒരു ജനതയുടെ സാമൂഹികവും സാംസ്കാരികവുമായ ഒരു ജീവിതത്തിന്റെ പ്രതിഫലനം തന്നെയാണ്. ഭാഷ ഉപയോഗപ്പെടുത്തിയാണ് മനുഷ്യൻ സ്വന്തം വികാരങ്ങളെ പ്രകടിപ്പിക്കുകയും, കലാസൃഷ്ടികൾ ആസ്വദിക്കുകയുമെല്ലാം ചെയ്യുന്നത്. മനുഷ്യന്റെ എല്ലാ വളർച്ചയിലും വികാസത്തിനും ഭാഷ നിർണായക പങ്കാണ് വഹിക്കുന്നത്. തന്റെയും സമൂഹത്തിന്റെയും ഉന്നമനത്തിന് ശക്തമായ ഉപകരണമായി ഭാഷ ഉപയോഗിക്കാൻ പ്രാപ്തമാക്കുക എന്നതാണ് ഭാഷാപഠനത്തിന്റെ ആത്യന്തികലക്ഷ്യം.

ഭാഷയിൽ സാഹിത്യരൂപങ്ങൾ വായിച്ചും ഗ്രഹിച്ചും, ആസ്വാദനപാടവും അപഗ്രഥനപാടവുമായ ചർച്ചകളിൽ പങ്കെടുക്കുക, അതിനോടുള്ള പ്രതികരണമെന്ന നിലയിൽ രചനകളിലും മറ്റ് ആവിഷ്കാരങ്ങളിലും ഏർപ്പെടുക. എന്ന രീതിയിൽ, മലയാള ഭാഷാപഠനം നടത്തുന്നതിനുതകുന്ന പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

# ലക്ഷ്യങ്ങൾ

- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ മലയാള ഭാഷാപഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
- ആശയ ഗ്രഹണ വായന ഉറപ്പാക്കുക.
- ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും മലയാള ഭാഷ സംസാരിക്കാനും കേട്ട് മനസിലാക്കാനും ഉള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
- മലയാള ഭാഷാവ്യവഹാരങ്ങളെ തെറ്റ് കൂടാതെ എഴുതാനും ആവിഷ്കരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക.
- ചിത്രത്തെ ആസ്പദമാക്കി കഥ, സംഭാഷണം, ലഘുവിവരണം എന്നിവ തയ്യാറാക്കുക.
- ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതാനും ചൊല്ലുവാനും.
- CWSN കുട്ടികളെ നേർധാരയിൽ എത്തിക്കുക
- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യതകളെ കരിക്കൽ, പരമാവധി പ്രയോജനപ്പെടുത്തൽ
- ദിനാചരണവുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക.
- സാഹിത്യകാരന്മാരെയും കൃതികളെയും പരിചയപ്പെടൽ
- സർഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ.
- സർഗശേഷികളുടെ പരിപോഷണം

# പ്രോജക്ട്

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ചുമതല | കാലദൈർഘ്യം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|---|---|
| 1 | പ്രീ - ടെസ്റ്റ് | അധ്യാപകർ | ജൂൺ ആദ്യആഴ്ച | 1 to V | 1,7 |
| 2. | അസംബ്ലി | അധ്യാപകരും വിദ്യാർത്ഥികളും | ജൂൺ- മാർച്ച് | 1 to V | 3,7 |
| 3 | വായനോത്സവം | ” | ജൂൺ-19 മുതൽ 26വരെ | 1 to V | 3,4,7 |
| 4 | ദിനാചരണങ്ങൾ | ” | ജൂൺ- മാർച്ച് | 1 to V | 7,9 |
| 5 | സി.ഡി. പ്രദർശനം, ICT | അധ്യാപകർ | ജൂൺ- മാർച്ച് | 1 to V | 7,8 |
| 6 | കൈയ്യെഴുത്തുമാസിക | അധ്യാപകരും വിദ്യാർത്ഥികളും | വർഷത്തിൽ ഒന്ന് | 1 to V | 4 7,10, 12 |
| 7 | പതിപ്പ് നിർമ്മാണം | ” | ജൂൺ- മാർച്ച് | 1 to V | 7 ,1012 |
| 8 | ആൽബം തയ്യാറാക്കൽ | ” | ജൂൺ- മാർച്ച് | 1 to V | 7,1012 |
| 9 | ജന്മദിനപുസ്തകം | വിദ്യാർത്ഥികൾ | ജൂൺ- മാർച്ച് | 1 to V | 7,10 |

# പ്രവർത്തന വിശദാംശം

## 1. പ്രീ-ടെസ്റ്റ്

ജൂൺ ആദ്യആഴ്ച തന്നെ എല്ലാ ക്ലാസിലെയും പ്രീ. ടെസ്റ്റ് നടത്തുന്നു. കുട്ടികൾ നേടിയിട്ടുള്ള ശേഷികൾ മനസ്സിലാക്കി ക്ലാസ്സിൽ തുടർന്ന് നൽകുന്ന പ്രവർത്തനങ്ങൾക്ക് അവരെ സജ്ജരാക്കുന്നു. പഠനപിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പ്രവർത്തനങ്ങൾ നൽകി അവരെയും മറ്റ് കുട്ടികളുടെ ഒപ്പം എത്തിക്കുന്നു. CWSN കുട്ടികൾക്ക് അവർക്കനുയോജ്യമായരീതിയിൽ ലളിതമായ പ്രവർത്തനങ്ങൾ കൂടുതൽ കണ്ടെത്തി നൽകുന്നു.

## 2. അസംബ്ലി

1ആഴ്ചയിൽ ഒരുദിവസം ഒരു ക്ലാസിന് എന്ന ക്രമത്തിൽ എല്ലാദിവസവും അസംബ്ലി നടത്തുന്നു. പ്രാർത്ഥനാഗാനം, സ്കൂൾ പ്രാർത്ഥന, പ്രഭാഷണം, പത്രവാർത്ത, ക്വിസ്, പുസ്തകം പരിചയപ്പെടുത്തൽ, മഹത്‌വചനം, പ്രതിജ്ഞ ദിനപ്രാധാന്യം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും സംസാരിക്കാനും കേട്ട് മനസിലാക്കാനുമുള്ള കഴിവ് നേടാൻ അസംബ്ലിയിലെ പങ്കാളിത്തം കുട്ടികളെസഹായിക്കുന്നു. CWSN കുട്ടികളുടെ പങ്കാളിത്തം അസംബ്ലിയിൽ ഉറപ്പ് വരുത്തുന്നു.

## 3. വായനോത്സവം

ശ്രീ. പി. എൻ. പണിക്കരുടെ ചരമദിനമായ ജൂൺ- 19 മുതൽ ഒരാഴ്ചക്കാലം നാം വായനോത്സവം നടത്തുന്നു. ഒന്നുമുതൽ അഞ്ചുവരെയുള്ള എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി ലൈബ്രറിയിൽ ഉള്ള പുസ്തകങ്ങളുടെ പ്രദർശനം, പുസ്തകങ്ങളുടെ കാറ്റലോഗ് തയ്യാറാക്കൽ ഇവ നടത്തുന്നു.

കൂടാതെ കുട്ടികൾക്ക് വായനാമത്സരം, മികച്ചവായനക്കാരനെ / വായനക്കാരിയെ കണ്ടെത്തൽ, സാഹിത്യക്വിസ്, വായനക്കുറിപ്പ് തയ്യാറാക്കൽ എന്നി മത്സരയിനത്തിലും, പോസ്റ്റർ നിർമ്മാണം, പതിപ്പ് നിർമ്മാണം എന്നിവ വ്യക്തിഗതയിനമായും നൽകുന്നു.

മൂന്നാംക്ലാസുമുതൽ അഞ്ചാംക്ലാസുവരെയുള്ള കുട്ടികളുമായി സമീപത്തെ ഗ്രന്ഥശാല സന്ദർശിക്കുകയും അവിടത്തെ പ്രവർത്തനങ്ങളും പുസ്തകങ്ങൾ പരിചയപ്പെടുകയും ചെയ്യുന്നു. വായനോത്സവത്തിലെ പ്രതിഭകൾക്ക് സമ്മാനവിതരണവും നടത്തുന്നു.

ഇതിനുപുറമേ പ്രാദേശികമായി ലഭ്യമാകുന്ന സാഹിത്യകാരൻമാരുമായി കുട്ടികൾക്ക് സംവദിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു. CWSN കുട്ടികളെ വിവിധ പുസ്തകങ്ങൾ പരിചയപ്പെടുത്തുകയും അവർക്കിഷ്ടപ്പെട്ട പുസ്തകങ്ങളെ അവതരിപ്പിക്കാനും അവസരം നൽകുന്നു.

## 4. ദിനാചരണങ്ങൾ

ജൂൺ മുതൽ മാർച്ച് വരെയുള്ള സമയങ്ങളിൽ പ്രധാനപ്പെട്ട ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നൽകിവരുന്നു.

സാഹിത്യകാരൻമാരുടെ ജന്മദിനം, ചരമദിനം തുടങ്ങിയ ദിവസങ്ങളിൽ ആ മഹാൻമാരെക്കുറിച്ചുള്ള അനുസ്മരണം നടത്തുന്നു. ദേശിയ, പ്രാദേശിക പ്രാധാന്യമുള്ള മറ്റ് ദിവസങ്ങളിൽ അതാത് ദിവസവുമായി ബന്ധപ്പെട്ട് പോസ്റ്റർ തയ്യാറാക്കൽ, മുദ്രാഗീതങ്ങൾ തയ്യാറാക്കൽ, കഥാരചന, കവിതാരചന, ലേഖനം. തുടങ്ങിയ സർഗാത്മക രചനകളിൽ ഏർപ്പെടുന്നു.

## 5. സി.ഡി. പ്രദർശനം, ICT

പാഠഭാഗവുമായി ബന്ധപ്പെട്ടും ദിനാചരണങ്ങളുമായി ബന്ധപ്പെട്ടും അനുയോജ്യമായ സന്ദർഭങ്ങളിൽ ICT സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു. ഇതിനായി കംപ്യൂട്ടർ, ലാപ്ടോപ്പ്, പ്രൊജക്ടർ, kyan തുടങ്ങിയവ ഉപയോഗിക്കുന്നു. കവിതാലാപനം, നാടൻപാട്ടുകളുടെ അവതരണം, ഗദ്യവായന, നാടകം, കഥകളുടെ ഏകസംഭാഷണങ്ങളും, പഴഞ്ചൊല്ലുകൾ, കടങ്കഥകൾ, എന്നിവയുടെ ശേഖരണം തുടങ്ങിയവയുടെ മികച്ച മാതൃകകൾ ഇതിലൂടെ ലഭ്യമാകുന്നു.

## 6. കൈയെഴുത്തു മാസിക

ഒന്നുമുതൽ അഞ്ചുവരെയുള്ള ക്ലാസുകളിൽ പഠനപ്രവർത്തനങ്ങളുടെ ഭാഗമായും അല്ലാതെയും രൂപപ്പെടുന്ന സൃഷ്ടികൾ ഉൾപ്പെടുത്തി ക്ലാസ്‌തല കൈയെഴുത്തു മാസിക തയ്യാറാക്കുകയും അതിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുന്നു. ക്ലാസിലെ കൈയെഴുത്തു മാസികയിൽനിന്നും മികച്ച സൃഷ്ടികൾ തിരഞ്ഞെടുത്ത് എഡിറ്റോറിയൽ ബോർഡിലെ അംഗങ്ങൾ ചേർന്ന് സ്കൂളിന്റെ കൈയെഴുത്തുമാസിക തയ്യാറാക്കുന്നു. ഇങ്ങനെ തയ്യാറാക്കപ്പെടുന്ന കൈയെഴുത്തുമാസിക സ്കൂൾ വാർഷിക ആഘോഷത്തിൽ പ്രകാശനം ചെയ്യുന്നു.

## 7. പതിപ്പ് നിർമ്മാണം

പാഠഭാഗവുമായി ബന്ധപ്പെട്ടും ദിനാചരണങ്ങളുമായി ബന്ധപ്പെട്ടും അനുയോജ്യമായ സന്ദർഭങ്ങളിൽ പതിപ്പ് നിർമിക്കുന്നു. ഒന്നുമുതൽ അഞ്ചുവരെയുള്ള ക്ലാസുകളിൽ വ്യക്തിഗതമായോ ഗ്രൂപ്പായോ ഈ പ്രവർത്തനം ചെയ്യുന്നു. CWSN കുട്ടികൾക്കും ചിത്രങ്ങൾ ഒട്ടിക്കാനും ലഘുവാക്യങ്ങൾ എഴുതാനുമുള്ള അവസരം ലഭ്യമാക്കുന്നു.

## 8. ആൽബം തയ്യാറാക്കൽ.

ഒന്നുമുതൽ അഞ്ചുവരെയുള്ള എല്ലാ കുട്ടികൾക്കും പാഠഭാഗവുമായി ബന്ധപ്പെട്ടോ, അല്ലാതെയോ, രക്ഷകർത്താക്കളുടെ സഹായത്തോടെ മികച്ച രീതിയിലുള്ള ആൽബം തയ്യാറാക്കുന്നു. പഠന പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കും സ്വയം ഏറ്റെടുത്ത് നല്ല ആൽബം തയ്യാറാക്കാൻ സാധിക്കുന്നു. ക്ലാസ്തല / സ്കൂൾതല പ്രദർശനം നടത്തി മികച്ചവയ്ക്ക് സമ്മാനവും നൽകുന്നു.

## 9. ജന്മദിന പുസ്തകം:

ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ തങ്ങളുടെ ജന്മദിനത്തിന് കുട്ടികൾ സ്കൂൾ ലൈബ്രറിയിലേക്ക് ഒരു പുസ്തകം സംഭാവനയായി നൽകുന്നു. അസംബ്ലിയിൽ വച്ച് ഹെഡ്മിസ്ട്രസ് പുസ്തകം ഏറ്റുവാങ്ങുന്നു.

SUBJECT : ENGLISH

# PREFACE

Learners are able to read and comprehend English and construct different types of discourses targeted in the curriculam to a certain extent. But most of them lack the competency to Produce oral and written texts that are coherent and grammatically acceptable.

The gap between the required and the existing levels of language Proficiency of the learners to be bridged. English requires extensive and distinctive focus in the Process of its teaching and learning. Through this masterplan we aim at optimum meaningful exposure to acquire English language.

# OBJECTIVES

1. To enrich Vocabulary.
2. To improve the ability of reading and Writing.
3. Use Simple English for answering interaction questions.
4. Read and comprehend simple English stories.
5. Using ICT facilities.
6. To engage learners in different language activities.
7. Retell the story in his/her own words.
8. Express thoughts and feelings in simple language.
9. Participates in conversations and discussions.
10. To develop listening skills and reading Skills.

DISCOURSE : READING, WRITING

| Sl. NO | Activities | Leadership | Period | Class | Objectives |
|---|---|---|---|---|---|
| 1. | English Assembly | Class tr's | Once in a week. | All Classes | 6 |
| 2. | Reading Cards | Concerned tr's | July to March | I, II | 1, 2, 4 |
| 3. | Word Pyramid, Picture Dictionary Growing Sentences, word chain and develop story. | Concerned tr's | July to March | I, II, III, IV, V | 1, 2, 3, 4 |
| 4. | My Story book, | Concerned tr's | July to March | III to V | 2, 4, 7, 8 |
| 5. | Conducting Language games | English Club convenor | July to February | I to V | 6, 9 |
| 6. | E-cube English language lab activities. | class tr's | July to March | I to V | 5 |
| 7. | English Fest | All tr's | Once in two months. | I to V | 6, 9 |
| 8. | Talk Show | All tr's | one in two months | III to V | 6, 9 |

# ACTIVITY DETAILS

- English Assembly

Conducting English assembly once in a week. Give chance for each class once in a month. All the Programmes will conduct in English such as Prayer song, speech, Book review, Quiz, Pledge etc...

- Reading cards

In class PTA discuss about the Preparation of reading cards with help of Parents. The learners Prepare reading cards and encourage the learners to read it.
Tr. will also Prepare such type of reading cards in connection with class room activities.

- Word Pyramid, Picture Dictionary, Word Chain:

Encourage the learners to draw or Paste Pictures and write simple sentence or Words about it. Let them find out the meaning also.

- E-cube English language lab

Use E-cube English in connection With the class room activities.

- My story Book.

Let the learners to read simple Stories, Which are collected from the library. Give chance to write about the story. Allow the learners to retell the story. Give Chances to read other English books and Prepare Write up about the book.

- Conducting Language games

With the help of English club conducting Language games such as Word game, Fruit Salad game, Quick number game, Pond and land etc.... Through this learners can use simple English effectively.

- English Fest

Conducting English Fest once in two months. Learners can Present variety of English Programmes in this fest.

- Talk show

Conducting Talk shows once in two months.

## മേഖല: ശാസ്ത്രം

### ആമുഖം

പഞ്ചേന്ദ്രിയങ്ങളാൽ അറിവ് സ്വായത്തമാക്കാനും അവ അവസരോചിതമായി നിത്യജീവിതത്തിൽ ഉപയോഗപ്പെടുത്താനും ചെയ്യുന്നതിൽ ശാസ്ത്രത്തിന്റെ പങ്ക് ചെറുതല്ല.

മുന്നറിവുകളുടെ അടിസ്ഥാനത്തിൽ ശരിയായി നടത്തുന്ന വിശകലനം പുതിയ അറിവിന്റെ നിർമ്മിതിയിലേക്ക് നമ്മെ നയിക്കും. നിർമ്മിക്കപ്പെടുന്ന ഓരോ അറിവും അടുത്ത അന്വേഷണത്തിലേക്ക് വഴിതുറക്കുന്ന വാതിലുകളാകണം.

നമ്മുടെ വിദ്യാലയത്തിലെത്തുന്ന ഓരോ പഠിതാവിനും നിരീക്ഷണ, പരീക്ഷണ, താരതമ്യ പ്രവർത്തനങ്ങളിലൂടെ ചുറ്റുപാടിനെ ശാസ്ത്രീയമായ രീതിയിൽ സമീപിക്കാനും അപഗ്രഥിച്ച് നിഗമനങ്ങളിലെത്തിച്ചേരാനും അവസരങ്ങളൊരുക്കുന്നു. ഇതിലൂടെ അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും അബദ്ധധാരണകൾക്കും പിന്നാലെ പോകാത്ത ഒരു തലമുറയെ വാർത്തെടുക്കാനാവും. അതിനുസഹായകമായ പ്രവർത്തനങ്ങളാണ് ഈ വർഷത്തെ ശാസ്ത്ര പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്

# ലക്ഷ്യങ്ങൾ

1* കരിക്കുലം ലക്ഷ്യം വയ്ക്കുന്ന എല്ലാ ശാസ്ത്ര പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക

2* ശാസ്ത്ര പഠനത്തിൽ ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക

3* കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക.

4* പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിലൂടെ നിഗമനങ്ങൾ രൂപീകരിക്കൽ

5* പ്രകൃതിയെ അടുത്തറിയൽ

6* ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ

7* ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം

8* വ്യക്തിശുചിത്വം

# പ്രോജക്ട്

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ചുമതല |
|---|---|---|---|---|---|
| 1 | പ്രകൃതി നടത്തം | 4,5 | ആവശ്യാനുസരണം | I to V | H.M<br>CPTA<br>Concerned Trs |
| 2 | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | 1,3,4,5 | വർഷത്തിൽ രണ്ടോ മൂന്നോ | 3,4,5 | H.M<br>CPTA<br>Class tr<br>Concerned Tr |
| 3 | ശാസ്ത്രമേള | 3,6,4 | July to March | I to V | Class trs & Concerned Tr |
| 4 | വ്യക്തി ശുചിത്വം ബോധവൽക്കരണം | 7,8<br>സെപ്റ്റംബർ ഒക്ടോബർ | സെപ്റ്റംബർ ഒക്ടോബർ | I to V | Class trs |
| 5 | വിസ്മയയാത്ര | 2 | അവസരോചിതം | I to | Class trs & Concerned Tr |
| 6 | ശാസ്ത്രോത്സവം | 1,2,3,4 | ഫെബ്രുവരി | I to V | H.M<br>All trs<br>SMC<br>MPTA |

# പ്രവർത്തന വിശദാംശം

## പ്രകൃതിനടത്തം

സസ്യങ്ങളെയും നമ്മുടെ ചുറ്റുപാടിലെ മറ്റുജീവജാലങ്ങളെയും അടുത്തറിയാനായി ഓരോ ക്ലാസ്സിലെയും ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് സ്കൂളിലും തൊട്ടടുത്തുമുള്ള, വയൽ, കുളം, ജൈവ വൈവിധ്യ ഉദ്യാനം എന്നിവിടങ്ങളിലേക്ക് SMC, CPTA അംഗങ്ങളുടെ സഹകരണത്തോടുകൂടി നടത്തുന്നു.

## ഫീൽഡ് ട്രിപ്പുകൾ

പാഠഭാഗവുമായി ബന്ധപ്പെട്ടും അല്ലാതെയും സംഘടിപ്പിക്കുന്ന ഫീൽഡ്ട്രിപ്പുകൾ. മൃഗശാല അക്വേറിയം, ശാസ്ത്ര സാങ്കേതിക മ്യൂസിയം, വാനനിരീക്ഷണ കേന്ദ്രം, തുടങ്ങിയവ ഉൾപ്പെടുന്നു.

## ശാസ്ത്രമൂല

ഓരോ ക്ലാസ്സിലും ലഘുപരീക്ഷണങ്ങൾക്കാവശ്യമായ സാമഗ്രികൾ സജ്ജീകരിക്കൽ, ശാസ്ത്രജ്ഞന്മാരെക്കുറിച്ചുള്ള പുസ്തകങ്ങൾ ക്രമീകരിക്കൽ, ശാസ്ത്ര വാർത്തകൾ പ്രദർശിപ്പിക്കൽ

## വ്യക്തിശുചിത്വ ബോധവൽക്കരണം

Health club, science club എന്നിവയുടെ ആഭിമുഖ്യത്തിൽ ആരോഗ്യ പ്രവർത്തകരുടെ ബോധവൽക്കരണ ക്ലാസ്സുകൾ. കൂടാതെ കൈകഴുകൽ പരിശീലനം, നാടൻഭക്ഷ്യവസ്തുക്കളുടെ പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു.

## വിസ്മയയാത്ര

ശാസ്ത്രപഠനം കൂടുതൽ രസകരവും വിജ്ഞാനപ്രദവുമാക്കാൻ ICT സാധ്യത ഉപയോഗപ്പെടുത്തുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ജീവ ചരിത്രങ്ങൾ (ശാസ്ത്രജ്ഞൻമാരുടെ) വീഡിയോ പ്രദർശനം.

## ലഘുപരീക്ഷണങ്ങൾ

ശാസ്ത്രപഠനം രസകരമാക്കുന്നതിൽ ലഘുപരീക്ഷണങ്ങൾക്കുള്ള സ്ഥാനം പറയേണ്ടതില്ല. പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ എല്ലാംതന്നെ ക്ലാസ്സിൽ ചെയ്യാനുള്ള അവസരം ഒരുക്കുന്നു.

കൂടാതെ ശാസ്ത്രക്ലബ്ബിൽ ലഘുപരീക്ഷണങ്ങൾ അവതരിപ്പിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു. പരീക്ഷണങ്ങളെക്കുറിച്ച് ചിത്രം സഹിതം ബുക്കിൽ രേഖപ്പെടുത്തുന്നു.

## ശാസ്ത്രോത്സവം

ഫെബ്രുവരി 28 ശാസ്ത്രദിനത്തോടനുബന്ധിച്ച് സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. ലഘുപരീക്ഷണങ്ങൾ, ശാസ്ത്ര മാജിക്കുകൾ, ശാസ്ത്രജ്ഞന്മാരെക്കുറിച്ചുള്ള ആൽബം, ശാസ്ത്രസംബന്ധിയായ വാർത്തകൾ എന്നിവ ഉൾക്കൊള്ളിച്ചുള്ള ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു

മേഖല - സോഷ്യൽ സയൻസ്.

ആമുഖം.

സാമൂഹിക പുരോഗതിയെ സ്വാധീനിക്കുന്ന സംഭവങ്ങൾ, ആശയങ്ങൾ, പ്രതിഭാസങ്ങൾ, സാഹചര്യങ്ങൾ മുതലായവയെക്കുറിച്ചുള്ള പരസ്പര ബന്ധിതവും മനുഷ്യ-കേന്ദ്രീകൃതവുമായ പഠനമാണ് സാമൂഹ്യശാസ്ത്രം. വ്യക്തികൾ തമ്മിലും വ്യക്തിയും സമൂഹവും പ്രകൃതിയും തമ്മിലും ഉള്ള ബന്ധത്തിന്റെ അന്വേഷണമാണ് ഇത് ഊന്നൽ നൽകുന്നത്. ആശയ സംവേദനത്തിനുള്ള സന്ദർഭത്തിനു വേണ്ടിയും ചരിത്രം, ഭൂമിശാസ്ത്രം തുടങ്ങിയ വിവിധ തലത്തിലൂടെ കടന്നുപോകേണ്ടതും ആവശ്യമാണ്. സാമൂഹ്യമാറ്റങ്ങളിൽ പങ്കാളിയാകുന്നതോടൊപ്പം സമൂഹത്തെ മുന്നോട്ട് നയിക്കുക എന്ന ഉത്തരവാദിത്വം നിറവേറ്റാൻ ഭാവി തലമുറയെ ഒരുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ അനുയോജ്യമായ പ്രവർത്തനങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

വർത്തമാനകാല സാഹചര്യങ്ങളെ ഇന്നലെകളുടെ പശ്ചാത്തലത്തിൽ അപഗ്രഥിക്കാനും നാളെയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ രൂപീകരിക്കാനും ചിട്ടയായ പ്രവർത്തനങ്ങൾ സഹായകമാകും.

## ലക്ഷ്യങ്ങൾ .

* ചരിത്രബോധം വളർത്തിയെടുക്കൽ
* വിദ്യാലയത്തിന്റെയും ഗ്രാമത്തിന്റെയും ശതകാലത്തിന്റെ ചരിത്രാവിഷ്കാരം.
* ലോകരാജ്യങ്ങളെ പരിചയപ്പെടൽ.
* ക്ലാസ് ലൈബ്രറിയുടെ നവീകരണം.
* ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ
* സാമൂഹികശാസ്ത്രത്തിന്റെ വിശാലമായ മേഖലയിലേക്ക് പ്രവേശിക്കൽ.
* നമ്മുടെ പ്രപഞ്ചത്തെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കൽ.
* സാമൂഹ്യശാസ്ത്രാഭിരുചി വളർത്തൽ.

# പ്രോജക്ട്.

| No | പ്രവർത്തനങ്ങൾ | ചുമതല | കാലദൈർഘ്യം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|---|---|
| 1 | ഡിജിറ്റൽ ആൽബം. | Std V + SS Tr. | I and II Term | V | 1,2,7 |
| 2 | ജന്മദിന പുസ്തകം. | All students + Trs. | ജന്മദിനങ്ങളിൽ | 1,2,3,4,5 | 4 |
| 3 | വിശാലലോകം | SS club | Daily | 3,4,5 | 6 |
| 4 | തെരഞ്ഞെടുപ്പിലൂടെ | All trs. students | 1 ദിവസം | 1-5 | 5 |
| 5 | Social science fest | " | Sep, October | 1-5 | 8 |
| 6 | ഭൂപട വായന | SS club | II term | 3,4,5 | 3,8 |
| 7 | ദിനാചരണങ്ങൾ | All Trs + students | 1 Year | 1-5 | 5 |
| | | | | | |
| | | | | | |

പ്രവർത്തന വിശദാംശം.

മേഖല - സോഷ്യൽ സയൻസ്.

* ഡിജിറ്റൽ ആൽബം.

ദൈനംദിന ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത ഒന്നായി വിവരസാങ്കേതികവിദ്യ മാറിയിരിക്കുന്നു. ഈ സാഹചര്യത്തിൽ സാമൂഹ്യശാസ്ത്രപഠനം ഏറെ രസകരവും വിജ്ഞാനപ്രദവുമാക്കാൻ ICT സാധ്യത പ്രയോജനപ്പെടുത്തേണ്ടതുണ്ട്. മനുഷ്യന് എന്നും ഏറെ കൗതുകവും വിസ്മയവും സൃഷ്ടിച്ചിരിക്കുന്ന ഈ പ്രപഞ്ചത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ സ്വായത്തമാക്കാനായി Std V ലെ 'നാടറിയാം' എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രത്യേക folder create ചെയ്ത് ആൽബം തയാറാക്കുന്നു.

* ജന്മദിന പുസ്തകം.

Class Library - കൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ കുട്ടിയും ജന്മദിനത്തിൽ ഒരു പുസ്തകം ക്ലാസ് ഗ്രന്ഥശാലയിലേക്ക് സംഭാവന ചെയ്യുന്നു. കൂടാതെ ആനുകാലിക പ്രസിദ്ധീകരണങ്ങൾ (വായിച്ചു കഴിഞ്ഞവ) ക്ലാസ് ലൈബ്രറിയിലേക്ക് കൊണ്ടുവരുന്നു. ഓരോ കുട്ടിക്കും തന്റെ ജന്മദിന പുസ്തകം അസംബ്ലിയിൽ പരിചയപ്പെടുത്താൻ അവസരം നൽകുന്നു.

* വിശാലലോകം.

പത്രവാർത്തകൾ തരംതിരിച്ച് കേരളം, ഇന്ത്യ, ലോകം എന്ന തലക്കെട്ടിൽ അസംബ്ലിയിൽ അവതരി

പ്പിക്കാനവസരം നൽകുന്നു. കൂടാതെ SS club-ൽ ആദ്യ മൂന്നുമാസക്കാലം കേരളവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ച് അവതരിപ്പിക്കുന്നു. (ക്വിസ്, വാർത്തകൾ, കുറിപ്പുകൾ) അടുത്ത 3 മാസക്കാലം ഇന്ത്യയെ കുറിച്ചും. അതിനെ തുടർന്ന് ലോകരാജ്യങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് അവതരിപ്പിക്കുന്നു.

* തെരഞ്ഞെടുപ്പിലൂടെ.

പ്രകടനപത്രിക, പ്രചരണം, മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ വച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കുന്നു. S.S club convener-ന്റെ നേതൃത്വത്തിൽ എല്ലാ അധ്യാപകരുടെയും സഹകരണത്തോടെ ജൂൺ/ജൂലായ് മാസത്തിൽ നടത്തുന്നു.

* സോഷ്യൽ സയൻസ് ഫെസ്റ്റ്.

I മുതൽ V വരെ ക്ലാസ്സുകളിലെ പാഠഭാഗവുമായി ബന്ധപ്പെട്ടും അല്ലാതെയും നടക്കുന്ന ഫെസ്റ്റിൽ പ്രവർത്തനങ്ങളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. (ശേഖരണം, മോഡൽസ്, ചാർട്ടുകൾ) Fest മായി ബന്ധപ്പെട്ട് സെമിനാർ, ഏതെങ്കിലും വിഷയത്തെപ്പറ്റി സംവാദം എന്നിവ സംഘടിപ്പിക്കൽ.

* ഭൂപടവായന

കേരളം, ഇന്ത്യ, ലോകഭൂപടം എന്നിവ ഓരോ ക്ലാസിലെയും അനുയോജ്യമായ പാഠസന്ദർഭങ്ങളിൽ ഉപയോഗിക്കുന്നു. ഓരോ കുട്ടിയും ഭൂപടം നിരീക്ഷിച്ച് പാഠസന്ദർഭവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നു. ശേഖരിച്ച വിവരങ്ങൾ ഗ്രൂപ്പുകളിൽ ചർച്ച നടത്തി ക്ലാസിന്റെ വിഭവമായി മാറുന്നു.

* ദിനാചരണങ്ങൾ

ജനസംഖ്യാദിനം, ചാന്ദ്രദിനം, സ്വാതന്ത്ര്യദിനം, ബാലവേല വിരുദ്ധദിനം എന്നിവയുമായി ബന്ധപ്പെട്ട് ക്വിസ്, പതിപ്പ് തയാറാക്കൽ, അസംബ്ലിയിൽ ദിനത്തിന്റെ പ്രാധാന്യം അവതരിപ്പിക്കൽ, സന്ദേശം നൽകൽ എന്നിവ സംഘടിപ്പിക്കുന്നു. കൂടാതെ ചാന്ദ്രദിനം ICT സാധ്യത ഉപയോഗിച്ച് ചാന്ദ്രയാത്ര കാണാനവസരം നൽകുന്നു. സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെട്ട് പ്രസംഗം, ചിത്രരചന, പതിപ്പ് തയാറാക്കൽ എന്നിവ നടത്തുകയും പൊതു യോഗം സംഘടിപ്പിക്കുകയും ചെയ്യുന്നു. ശിശുദിന പ്രവർത്തനങ്ങൾ കുട്ടികളുടെ നേതൃത്വത്തിൽ നൽകുന്നു.

## മേഖല - ഗണിതം

### ആമുഖം

ശാസ്ത്രങ്ങളുടെ രാജ്ഞിയെന്നാണ് ഗണിതശാസ്ത്രം അറിയപ്പെടുന്നത്. സംഖ്യാപ്രധാനമായ ഭാഷയാണ് ഗണിതം. ചിന്തയുടെ ഗണിതവത്കരണമാണ് ഗണിതപഠനത്തിന്റെ പ്രധാന ലക്ഷ്യം. വസ്തുക്കളെ സംഖ്യകളുപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുക എന്നതിനാണ് ഗണിതശാസ്ത്ര പഠനത്തിൽ പ്രധാനമായും ഊന്നൽ നൽകുന്നത്. ഗണിതശാസ്ത്ര പഠനം ചിന്തയെ തെളിമയുള്ളതാക്കുകയും വസ്തുതകളെ ശാസ്ത്രീയമായി അപഗ്രഥിക്കുന്നതിന് സഹായിക്കുകയും ചെയ്യുന്നു.

### ഗണിതപഠനത്തിന്റെ ഉള്ളടക്കം

ദൈനംദിന പ്രശ്നങ്ങൾ പരിഹരിക്കാൻ പര്യാപ്തമാകുന്നതും മറ്റു വിഷയങ്ങളുടെ പഠനത്തിൽ സഹായകമാകുന്ന വിധത്തിലും ആയിരിക്കണം. അർത്ഥപൂർണമായ ആശയരൂപീകരണത്തിലൂടെ കുട്ടികളുടെ യുക്തിചിന്ത വികസിപ്പിക്കുന്ന ഗണിതപഠനസമീപനമാണ് നാം സ്വീകരിച്ചിരിക്കുന്നത്. ഗണിതപഠനത്തിന്റെ ലക്ഷ്യങ്ങൾ നേടുന്നതിനാവശ്യമായ പ്രവർത്തനങ്ങളാണ് 'ഗണിതം രസകരം' എന്ന പേരിൽ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## ലക്ഷ്യങ്ങൾ

1. സംഖ്യാബോധം, കൈവരിച്ച സംഖ്യകളെ വ്യാഖ്യാനം ചെയ്യുന്നതിന് കഴിയുക.
2. ചതുഷ്ക്രിയകൾ (സങ്കലനം, വ്യവകലനം, ഗുണനം, ഹരണം) സൂക്ഷ്മമായും വേഗത്തിലും അർത്ഥപൂർണ്ണമായി നിർവഹിക്കുക.
3. നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കഴിയുക. വിവിധതരം അളവുകൾ - നീളം, ഭാരം, വ്യാപ്തം (ഉള്ളളവ്), സമയം, നാണയങ്ങൾ, പരപ്പളവ് ചുറ്റളവ് തുടങ്ങിയ ആശയങ്ങൾ ഗ്രഹിക്കുന്നതിനും ഊഹിച്ചു പറയുന്നതിനും ശേഷി കൈവരിക്കുക.
4. വിവിധ ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടുന്നതിനും അവയുടെ സവിശേഷതകൾ ചർച്ച ചെയ്യുന്നതിനും വരയ്ക്കുന്നതിനും പാറ്റേൺ രൂപീകരിക്കുന്നതിനും ആസ്വദിക്കുന്നതിനും അവസരം ഒരുക്കുക.
5. വിവരങ്ങളെ വ്യാഖ്യാനിക്കുന്നതിനും പ്രതിരൂപാത്മകമായി ചിത്രീകരിക്കുന്നതിനും ഉള്ള കഴിവ് നേടുക.
6. സർഗാത്മക കഴിവുകൾ, യുക്തിചിന്തകൾ എന്നിവ വളർത്തുന്നതിന് അവസരം ഒരുക്കുക.
7. മനക്കണക്കായി ക്രിയകൾ ചെയ്യുന്നതിനും ഗണനചിന്ത പ്രോത്സാഹിപ്പിക്കുന്നതിനും അവസരം ഒരുക്കുക.

## പ്രോജക്ട്

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ചുമതല | കാലദൈർഘ്യം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|---|---|
| 1. | പ്രീടെസ്റ്റ് | Trs | ജൂൺ | 2-5 | 1,2 |
| 2. | ഉല്ലാസഗണിതം, ഗണിതവിജയം | " | ജൂൺ - ജനുവരി | 1-5 | 1,2 |
| 3. | ഗണിതലാബ് പരിചയപ്പെടൽ | " | ജൂൺ | " | 3 |
| 4. | ക്ലാസിൽ ഗണിതമൂല | Trs & Students | " | " | 1,3,4,6 |
| 5. | ICT പഠനം | Tr | ജൂൺ - മാർച്ച് | " | 1,2,4 |
| 6. | ഗണിത ക്ലബ്ബ് | Math club convenor | ജൂലൈ - ഫെബ്രുവരി | " | 6,7 |
| 7. | ഗണിതപുസ്തക വായന | Trs & Students | ജൂൺ - മാർച്ച് | 3,4,5 | 6 |
| 8. | ഗണിത പതിപ്പ് | " | ജൂലൈ - ഫെബ്രുവരി | " | 3,4,5,6 |
| 9. | ഗണിതോത്സവം | Maths club | സെപ്തംബർ | " | 6,7 |

## പ്രവർത്തന വിശദാംശം

### 1. പ്രീടെസ്റ്റ്

ജൂൺ മാസം രണ്ടാമത്തെ ആഴ്ച രണ്ടാം ക്ലാസ്സു മുതൽ അഞ്ചാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പ്രീടെസ്റ്റ് നടത്തുന്നു. ഗണിതപഠനത്തിൽ കുട്ടികൾ നേടിയ ശേഷികൾ വിലയിരുത്തി ഓരോ ക്ലാസിലും അവർ നേടേണ്ട പഠനലക്ഷ്യങ്ങൾ കൈവരിക്കാൻ തുടർപ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നു. പഠനവിടവ് നേരിടുന്ന കുട്ടികൾക്ക് അധികപ്രവർത്തനങ്ങൾ സമയോചിതമായി നൽകി അവരെയും മറ്റു കുട്ടികളോടൊപ്പം പഠനപ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ പ്രാപ്തരാക്കുന്നു.

### 2. ഉല്ലാസ ഗണിതം, ഗണിതവിജയം

1, 2 ക്ലാസ്സുകളിൽ ഉല്ലാസഗണിതവും 3, 4 ക്ലാസ്സുകളിൽ ഗണിതവിജയം പ്രവർത്തനങ്ങളും നൽകി കുട്ടികളിൽ ഗണിതപഠനം ലളിതവും രസകരവുമാക്കി ഗണിതാഭിരുചി വളർത്തുന്നു. CWSN കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുന്നു.

### 3. ഗണിതലാബ് പരിചയപ്പെടൽ

ഗണിതലാബിൽ കുട്ടികളെ കൊണ്ടുപോയി ഗണിതപഠനോപകരണങ്ങൾ പരിചയപ്പെടുത്തുന്നു. ഗണിതപഠനത്തിൽ പഠനോപകരണങ്ങൾ പ്രയോജനപ്പെടുത്താൻ കുട്ടികൾക്ക് കഴിയുന്നു.

### 4. ക്ലാസിൽ ഗണിതമൂല

എല്ലാ ക്ലാസിലും ജൂൺ മാസത്തിൽ ഗണിതമൂല സജ്ജീകരിക്കുന്നു. ഓരോ കുട്ടിയും ആവശ്യമായ പഠനോപകരണങ്ങൾ നിർമിക്കുകയും ശേഖരിക്കുകയും ചെയ്യുന്നു.

## 5. ICT പഠനം

എല്ലാ ക്ലാസുകളിലും സംഖ്യാബോധം, ഗണിതക്രിയകൾ, ജ്യാമിതീയരൂപങ്ങളുടെ നിർമാണം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ICT സഹായത്തോടെ കുട്ടികൾക്ക് നൽകുന്നു. രസകരമായി പഠനപ്രവർത്തനങ്ങളിലേർപ്പെടാനും സ്വയം വിലയിരുത്തൽ നടത്തി മെച്ചപ്പെടാനും കുട്ടികൾക്കിത് സഹായകരമാകുന്നു.

## 6. ഗണിത ക്ലബ്ബ്

ജൂലൈ മാസം മുതൽ 3 മുതൽ 5 വരെയുള്ള കുട്ടികളെ ഉൾപ്പെടുത്തി ഗണിതക്ലബ്ബ് പ്രവർത്തനങ്ങൾ നടത്തുന്നു. ഗണിതകളികൾ, പസിൽ, ജ്യോമട്രിക് ചാർട്ടുകൾ, നമ്പർചാർട്ടുകൾ, കടങ്കഥകൾ, ഗാനങ്ങൾ, ടാൻഗ്രാം, കലണ്ടർ ഗണിതം, ക്വിസ്, ഗണിതശാസ്ത്രജ്ഞന്മാരെ പരിചയപ്പെടൽ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ യുക്തിചിന്ത വികസിപ്പിച്ച് ഗണിതം ആസ്വദിക്കാൻ അവരെ പ്രാപ്തരാക്കുന്നു. അസംബ്ലിയിൽ മാസത്തിലൊരുദിവസം ഒരുക്ലാസ് എന്ന ക്രമത്തിൽ ഗണിതക്വിസ്, ഗണിതപുസ്തകം പരിചയപ്പെടുത്തൽ, ഗണിതശാസ്ത്രജ്ഞന്മാരെക്കുറിച്ചുള്ള പ്രഭാഷണം എന്നിവ ഉൾപ്പെടുത്തുന്നു.

## 7. ഗണിതപുസ്തകവായന

ഗണിതപുസ്തകങ്ങൾ ക്ലാസ്‌ലൈബ്രറിയിൽ ഉൾപ്പെടുത്തുന്നു. പുസ്തകം വായിച്ച് ലഭിക്കുന്ന ഗണിതചിന്തകൾ ഗണിതക്ലബ്ബിൽ പങ്കുവയ്ക്കുന്നു.

## 8. ഗണിത പതിപ്പ്

ഒന്നു മുതൽ അഞ്ചുവരെയുള്ള ക്ലാസ്സുകളിൽ കുട്ടികളിൽ സർഗാത്മകചിന്ത വളർത്തി അവരെ ഗണിതം ആസ്വദിക്കാൻ പ്രാപ്തരാക്കുന്നതിന് ഗണിതപതിപ്പുകൾ തയാറാക്കുന്നു. ഓരോ ക്ലാസും അവർക്കനുയോജ്യമായ വിഷയങ്ങളിൽ എല്ലാ കുട്ടികളെക്കൊണ്ടും ഗണിതപതിപ്പ് നിർമാണം നടത്തുന്നു. ഗണിത പതിപ്പിൽ പാറ്റേൺ, ജ്യാമിതീയ ചിത്രങ്ങൾ, സംഖ്യാചിത്രങ്ങൾ, ഗണിതകടങ്കഥകൾ, ഗാനങ്ങൾ, ക്വിസ്, വിവിധ സംഖ്യാസമ്പ്രദായങ്ങൾ എന്നിവ ഉൾപ്പെടുത്തുന്നു.

## 9. ഗണിതോത്സവം

സെപ്റ്റംബർ മാസത്തിൽ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി ഗണിതോത്സവം സംഘടിപ്പിക്കുന്നു. ജ്യോമെട്രിക് ചാർട്ട്, നമ്പർ ചാർട്ട്, പസിൽ, ഗെയിം തുടങ്ങിയ മത്സരങ്ങൾ നടത്തി വിജയികളെ കണ്ടെത്തുന്നു. വിജയികൾക്ക് റിസോഴ്സ് പേഴ്സന്റെ സഹായത്തോടെ കൂടുതൽ പരിശീലനം നൽകി സബ്ജില്ലാതല മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു.

# ആരോഗ്യ കായിക വിദ്യാഭ്യാസം

ഒരു വ്യക്തിയുടെ സർവതോന്മുഖമായ വളർച്ചയിൽ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് അമൂല്യമായ സ്ഥാനമാണുള്ളത്. ശാരീരികവും മാനസികവുമായ ആരോഗ്യവാനായിരിക്കേണ്ടത് ആധുനിക ലോകത്തിൽ ഏറെ അനിവാര്യമാണ്.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം എല്ലാ കുട്ടികളെയും ഉത്തമ പൗരന്മാരാക്കി വളർത്തിയെടുക്കൽ ലക്ഷ്യം വയ്ക്കുമ്പോൾ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഒന്നുകൂടെ ഉയരുകയാണ്

## ലക്ഷ്യങ്ങൾ

1* ശാരീരിക മാനസികക്ഷമത കൈവരിക്കുക

2* നാടൻകളികൾ പരിചയപ്പെടുക

3* സംഘബോധം, സഹകരണമനോഭാവം, നേതൃപാടവം എന്നിവ വളർത്തുക

4* മാനസികസമ്മർദ്ദം കുറയ്ക്കുക

5* സോഷ്യൽ മീഡിയകളിൽ ചെലവിടുന്ന സമയം കുറയ്ക്കുക

6* മൊബൈൽ ഫോണിന്റെയും, വീഡിയോ ഗെയിമിന്റെയും ഉപയോഗം കുറയ്ക്കുക.

| നമ്പർ | പ്രവർത്തനം | കാല ദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം | ചുമതല |
|---|---|---|---|---|---|
| 1 | ഓരോ ക്ലാസ്സിലെയും കുട്ടികളുടെ പ്രായത്തിനും പാഠഭാഗത്തിനും അനുയോജ്യമായ നാടൻ കളികളുടെ അവതരണം | June to March | 1 to 5 | 1,2,3,4 | Concerned Trs. |
| 2 | ലഘു വ്യായാമം, യോഗ | July to February | 1 to 5 | 1,4,5,6 | |
| 3 | സുംബ ഡാൻസ് പരിശീലനം | June to March | 1 to 5 | 1,3,4,5,6 | Class trs |
| 4 | Indoor games | June to March | 1 to 5 | 1,3,4,56 | |

# ഉപസംഹാരം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം വിഭാവന ചെയ്യുന്ന തരത്തിൽ സർവതോന്മുഖമായ വികാസം പ്രാപിച്ച കുട്ടികളെ വാർത്തെടുക്കാൻ പര്യാപ്തമായ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് തികച്ചും ശിശുസൗഹൃദപരമായ രീതിയിലുള്ള വിദ്യാലയാന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടുള്ള വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ ലക്ഷ്യം വച്ചിട്ടുള്ളത്. ഇതിലൂടെ നല്ലൊരു ഭാവിതലമുറയെ വാർത്തെടുക്കാനാവും എന്ന് പ്രതീക്ഷിക്കുന്നു.